# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 03, Issue: 04

മാർച്ച് 08 ബുധൻ 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## മാപ്പത്തോൺ അങ്ങാടിക്കടവിൽ

അക്ഷയ് തിലകൻ



*നീർച്ചാലുകളുടെ ഡിജിറ്റൽ സർവ്വേ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു*

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി റീബിൽഡ് കേരളയുടെയും ഐടി മിഷന്റെയും സഹായത്തോടെ ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പശ്ചിമഘട്ടത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളിൽ നടത്തുന്ന ഭൂപ്രകൃതിയുടെ ഡിജിറ്റൽ സർവ്വേ മാപ്പത്തോൺ അയ്യൻകുന്ന് പഞ്ചായത്തിൽ ആരംഭിച്ചു.

അങ്ങാടിക്കടവ് തോട് ഡിജിറ്റൽ സർവ്വേ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ ഉദ്ഘാടനം ചെയ്തു. നവകേരളം കർമ്മ പദ്ധതി ജില്ലാ കോഡിനേറ്റർ ഇ കെ സോമശേഖരൻ മുഖ്യാതിഥിയായി.

കണ്ണൂർ ജില്ലയിൽ 14 പഞ്ചായത്തുകളിലാണ് ഡിജിറ്റൽ സർവ്വേ നടക്കുന്നത്. വാർഡ് മെമ്പറുടെയും ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺസ് എന്നിവരുടെ നേതൃത്വത്തിലാണ് ഡിജിറ്റൽ സർവ്വേ നടക്കുന്നത്. ഉരുൾപൊട്ടലുകൾ തടയുക, പ്രകൃതിയെ സംരക്ഷിക്കുക എന്നതാണ് ഡിജിറ്റൽ സർവ്വേയുടെ ലക്ഷ്യം.

'പുഴയുടെ ജലത്തിന്റെ കുറവ്, പുഴയുടെ ഒഴുക്കിന് തടസ്സമാകുന്ന കാരണങ്ങൾ എന്നിവ ഈ സർവ്വേയ്ക്ക് ശേഷം സാറ്റലൈറ്റിന്റെ സഹായത്തോടെ മനസ്സിലാക്കാൻ സാധിക്കും'. ഹരിത കേരള മിഷൻ റിസോഴ്സ് പേഴ്സൺ എം രസിന്ത് പറഞ്ഞു.

ഹരിത കേരള മിഷൻ റിസോഴ്സ്പഴ്സൺ എം രസിന്ത്, ഹൃദ്യ ഹരീന്ദ്രൻ, പി,ആതിര, ടി വി ശ്രീനാഥ് എന്നിവരുടെ നേതൃത്വത്തിലാണ് ഡിജിറ്റൽ സർവ്വേ നടക്കുന്നത്. വാർഡ് മെമ്പർമാരായ ജോസ് എവൺ, ബീന റോജസ്, സിന്ധു ബെന്നി, എൽസമ്മ ചേന്ദംകുളം, സെലീന ബിനോയ്, സജി മച്ചിതാന്നിയിൽ, സീമ സനോജ് എന്നിവർ സംസാരിച്ചു.

## മലയോര ഹൈവേ നവീകരണം ആരംഭിച്ചു

പി വി മേഘ

ആനപ്പന്തി: മലയോര ഹൈവേയുടെ ഭാഗമായ ആനപ്പന്തി കവല മുതൽ കരിക്കോട്ടക്കരി, എടൂർ, ആറളം, മണത്തണവരെയുള്ള 24 കിലോമീറ്ററോളം റോഡ് നവീകരണം ആരംഭിച്ചു. റോഡ് നവീകരണത്തിനായി 52 കോടി രൂപയാണ് കിഫ്ബിയിൽ നിന്ന് നിലവിൽ അനുവദിച്ചിരിക്കുന്നത്.

നവീകരണത്തിന്റെ ഭാഗമായി പന്ത്രണ്ട് മീറ്റർ വീതിയുള്ള റോഡിന്റെ മൂന്നു മീറ്റർ ഡ്രൈനേജ് നിർമാണത്തിനായി ഉപയോഗിക്കുന്നു. ബാക്കി വരുന്ന ഒമ്പത് മീറ്റർ മുഴുവൻ ടാർ ചെയ്യുകയും ഏഴു മീറ്റർ വീതിയിൽ ട്രാക്കുകൾ ഒരുക്കുകയും ചെയ്യും. കൂടാതെ സിഗ്നൽ ബോർഡുകളും മറ്റ് സംവിധാനങ്ങളും ഒരുക്കുകയുമാണ് പദ്ധതിയുടെ ഭാഗമായി ചെയ്യുന്നത്.

'മലയോര ഹൈവേയുടെ നവീകരണത്തിന് ജനങ്ങൾ തങ്ങളുടെ ഭൂമി വിട്ടുനൽകിയിരുന്നു. മലയോര ഹൈവേയുടെ നവീകരണം പൂർത്തിയാവു ന്നതോടുകൂടി ചരക്ക് ഗതാഗതം സുഖമമാക്കാനും യാത്രക്കാർക്ക് ലക്ഷ്യസ്ഥാനത്ത് വേഗത്തിൽ എത്തിച്ചേരാനും സാധിക്കും.' വലിയപറമ്പിൻങ്കരി വാർഡ് മെമ്പർ സിബി വാഴക്കാല പറഞ്ഞു.



*മലയോര ഹൈവേ നവീകരണത്തിന്റെ ഭാഗമായി നിർമിക്കുന്ന ഡ്രൈനേജ്*

## നിർധന കുടുംബത്തിന് വീട് നവീകരിച്ചു നൽകി മുടിയിരിഞ്ഞി നിവാസികൾ

കെ വി ജിസ്ന ഷിഫ

മുടിയിരിഞ്ഞി: 2022- 23 വർഷത്തെ ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി നിർധന കുടുംബത്തിന് വീട് നവീകരിച്ചു നൽകി. ഭവന നവീകരണത്തിനായി പഞ്ചായത്തിൽ നിന്നും അനുവദിച്ച ഒരു ലക്ഷം രൂപയ്ക്ക് പുറമെ മുടിയിരിഞ്ഞി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പിരിവ് നടത്തിയാണ് 2022 നവംബറിൽ ആരംഭിച്ച നവീകരണം 2023 ജനുവരിയിൽ പൂർത്തീകരിച്ചത് .

ഭവന നവീകരണത്തിന് അർഹരായവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ദാസൻ കാക്കനാട്ടിന്റെ ഓടിച്ചുകുന്നിലുള്ള വീടാണ് ആവശ്യാനുസരണം അടുക്കളയും വർക്ക് ഏരിയയും കൂട്ടിയെടുത്ത് പണി കഴിപ്പിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഏറ്റെടുത്ത അഞ്ച് വീടുകളിൽ മൂന്ന് വീടുകളുടെ പണി പൂർത്തിയായി.

'ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി വീട് മോശമായവർക്ക് റിപ്പയറിങ്ങിനായി ഒരു ലക്ഷം രൂപ കൊടുക്കുന്നുണ്ട്. അതിനു പുറമെ സുമനസുകളുടെ സഹായത്തോടുകൂടിയാണ് ഈ വീടിന്റെ പണി നല്ല രീതിയിൽ പൂർത്തീകരിക്കുവാൻ സാധിച്ചത്. ഈ ആനുകൂല്യത്തിനായി ഒരുപാട് കുടും ബങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവരെയും പഞ്ചായത്തിൽ നിന്നും സഹായിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.' ഭവന നവീകരണത്തിന് നേതൃത്വം വഹിച്ച മുടിയിരിഞ്ഞി വാർഡ് മെമ്പർ ഫിലോമിന മാണി കണ്ണംകുളത്ത് പറഞ്ഞു.



*മുടിയിരിഞ്ഞി നിവാസികൾ നവീകരിച്ചു നൽകിയ കാക്കനാട്ട് ദാസന്റെ വീട് നവീകരണത്തിന് മുൻപും ശേഷവും*

## മികവിന്റെ നിറവിൽ ചരൽ സെന്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂൾ

ജോയ്സ് മേരി ജോർജ്



*പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ മികച്ച സ്കൂളിനുള്ള പുരസ്കാരം വിദ്യാർത്ഥികൾക്ക് കൈമാറുന്നു*

ചരൾ: തലശ്ശേരി അതിരൂപത കോർപ്പറേറ്റിനു കീഴിലെ ചെറിയ സ്കൂളുകളുടെ വിഭാഗത്തിൽ മികച്ച സ്കൂളായി തിരഞ്ഞെടുക്കപ്പെട്ട ചരൾ സെന്റ് മേരീസ് എൽ പി സ്കൂളിൽ മാനേജ്മെന്റും പി ടി എ യും ചേർന്ന് അനുമോദന യോഗം സംഘടിപ്പിച്ചു .സ്കൂൾ മാനേജർ ഫാദർ ജെയ്സ് കുരിശുംമൂട്ടിൽ അധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ കുട്ടികൾക്ക് അവാർഡ് കൈമാറിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

ആദ്യമായാണ് സ്കൂൾ ഈ നേട്ടം കരസ്ഥമാക്കുന്നത്. 150 കുട്ടികളിൽ താഴെയുള്ള ചെറിയ സ്കൂളുകൾ ഉൾപ്പെടുന്ന ഇക്കണോമിക്ക് വിഭാഗത്തിലേക്ക് ഈ വർഷമാണ് സ്കൂൾ ഉയർത്തപ്പെട്ടത്

'എൽ എസ് എസ് പരീക്ഷയിലെ വിജയം, അക്കാദമിക് നിലവാരം, സ്കൂളിലെ പച്ചക്കറിത്തോട്ടം, അടിസ്ഥാന സൗകര്യങ്ങൾ, യുവജനോത്സവത്തിലെ പങ്കാളിത്തം തുടങ്ങിയ മികച്ച സ്കൂളായി തിരഞ്ഞെടുത്തത്

'കൂട്ടായ അധ്വാനവും പ്രയത്നവുമാണ് ഈ വിജയത്തിനു പിന്നിൽ' ഹെഡ് മിസ്ട്രസ് സുജാ ആന്റണി പറഞ്ഞു.

കാരിസ് യുപി സ്കൂൾ മാട്ടറ, സെന്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂൾ നെല്ലിക്കാംപോയിൽ എന്നീ സ്കൂളുകൾക്കൊപ്പമാണ് ചരൾ സെന്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂളും മികച്ച സ്കൂളുകളുടെ പട്ടികയിൽ സ്ഥാനം പിടിച്ചത്.

പി ടി എ പ്രസിഡന്റ് ജെയ്സൺ പുളിച്ചുമാക്കൽ, ഇരിട്ടി മുൻ എ ഇ ഒ എം ടി ജെയ്സ്, അയ്യൻകുന്ന് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു ബെന്നി, ചരൾ ഇടവക കോർഡിനേറ്റർ ജോസ് കാരക്കാട്ട്, പാലത്തുംകടവ് സെന്റ് ജോസഫ് എൽ പി സ്കൂൾ ഹെഡ് മിസ്ട്രസ് ജോസിമോൾ കെ ജോസ്, മദർ പി ടി എ പ്രസിഡന്റ് നിമിഷാ റിന്റോ, സ്കൂൾ ഹെഡ്മിസ്ട്രസ് സുജ ആന്റണി എന്നിവർ സംസാരിച്ചു.

അങ്ങാടിപത്രം 08/03/2021-08/03/2023

**കൈപിടിച്ചു നടന്ന നടത്തിയ 2 വർഷം**

നന്ദിയോടെ എഡിറ്റോറിയൽ ടീം...

## എഡിറ്റോറിയൽ

### സമൂഹവും, മാധ്യമധർമവും

ജീവിതത്തെ സ്വാധീനിക്കുന്ന ഒരു പ്രധാന ഭാഗമാണ് മാധ്യമങ്ങൾ. തെറ്റുകൾ ചൂണ്ടി കാണിച്ച് ഏറ്റവും ലളിതമായ ഭാഷാശൈലി ഉപയോഗിച്ച് വിവരങ്ങൾ സത്യസന്ധമായി എല്ലാവരിലേക്കും എത്തിക്കുക എന്നതാണ് ഓരോ മാധ്യമത്തിന്റെയും ധർമ്മം.

സാമൂഹിക വളർച്ചയ്ക്ക് ഉതകുന്ന വാർത്തകൾ ജനങ്ങളെ അറിയിക്കുന്നതനോടൊപ്പം അട്ടിമറികളും തട്ടിപ്പുകളും പുറത്തുകൊണ്ടുവരുന്നതും മാധ്യമങ്ങൾ തന്നെയാണ് നിസംശയം പറയുവാൻ സാധിക്കും. വലിയവൻ ചെറിയവൻ എന്ന തരംതിരിവില്ലാതെ സമൂഹത്തിന്റെ നാനാതുറകളിലുള്ളവരെ മാധ്യമങ്ങൾ പരിഗണിക്കുന്നു. ഇതിനൊരുദാഹരണമാണ് അദാനി ഗ്രൂപ്പിന് എതിരായി വന്ന ഹിൻഡൻബർഗ് റിസർച്ച്. വൻതോതിൽ ഉള്ള അട്ടിമറിയാണ് അദാനി ഗ്രൂപ്പ് നടത്തിയത്. റിസർച്ച് റിപ്പോർട്ട് പുറത്തുവന്നതിനുശേഷം കമ്പനിയുടെ മുഴുവൻ മൂലധനത്തിൽ 64 ശതമാനത്തിന്റെ ഇടിവാണ് സംഭവിച്ചത്. സമൂഹത്തിലെ അനീതികളെയും അസമത്വത്തെയും പുറത്ത് കൊണ്ടുവരുന്നതിൽ മാധ്യമങ്ങൾക്ക് എത്രത്തോളം ശക്തമായി ഇടപെടാൻ സാധിക്കും എന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

മാധ്യമധർമ്മത്തിൽ സത്യസന്ധതയും നിലപാടും വിമർശനങ്ങളും എല്ലാം നിറഞ്ഞു നിൽക്കുന്നു. വ്യക്തി രാഷ്ട്രീയ സാമുദായിക പ്രീണനങ്ങൾക്കപ്പുറം നിൽക്കുന്ന മാധ്യമങ്ങൾ ഓരോ നാടിന്റെയും വാർത്താസ്രോതസ്സുകൾ ആണ്. കഴിഞ്ഞ രണ്ടു വർഷമായി അയ്യൻകുന്ന് പ്രദേശത്ത് വാർത്തകൾ കൃത്യമായി സത്യസന്ധമായി ജനങ്ങളിലേക്ക് എത്തിക്കുവാൻ അങ്ങാടിപത്രത്തിന് സാധിച്ചു എന്ന് ഉറച്ചു വിശ്വസിക്കുന്നു. അങ്ങാടിപത്രത്തെ ഹൃദയത്തോട് ചേർത്തു നിർത്തിയ എല്ലാവായനക്കാർക്കും നന്ദി. ഇനിയും നേരായ വാർത്തകൾ കൃത്യനി ഷ്ഠയോടെ ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കുമെന്ന് ഉറച്ച് വിശ്വസിക്കുന്നു.

-എഡിറ്റർ

# വിരൽത്തുമ്പിലെ വർണവിസ്മയം

ജിനി ജോസഫ്



ചിത്രരചന വൈഭവം കൊണ്ട് വർണ വിസ്മയം തീർക്കുകയാണ് കരിക്കോട്ടക്കരിക്കാരനായ റജി പീറ്റർ കാവതടത്തിൽ. ചിത്രരചന, രംഗപടം(രംഗസജീകരണം), മേക്കപ്പ്, അഭിനയം എന്നീ മേഖലകളിൽ 35 വർഷമായി സ്വപ്രയത്നത്തിന്റെയും കഠിനാധ്വാനത്തിന്റെയും വഴിയിലൂടെ തന്റെ സ്വപ്നങ്ങളെ കീഴടക്കുകയാണ് റജി.

കുട്ടിക്കാലംമുതലേ ചിത്രരചനയിൽ അടങ്ങാത്ത അഭിനിവേശം പുലർത്തുന്ന റജി, എസ് എസ് എൽ സി ക്ക് ശേഷം തലശ്ശേരി സ്കൂൾ ഓഫ് ആർട്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നതോടെ ചിത്രരചനാരംഗത്ത് കൂടുതൽ സജീവമായി. ചിത്രരചനയിലുള്ള താൽപര്യമാണ് നാടകത്തിൽ രംഗസജ്ജീകരണത്തിലേക്ക് തിരിയാനുള്ള വഴി തെളിച്ചത്. പ്രശസ്ത നാടക രംഗപടം ആർടിസ്റ്റ് സുജാതൻ മാഷിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചതോടെ രംഗപട സജീകരണത്തിലും പിന്നീട് മേക്കപ്പ്, അഭിനയം, എന്നീ മേഖലകളിലും സജീവസാന്നിധ്യമായി. 1997 - ൽ ഇന്ത്യൻ സ്കൂൾ ഓഫ് ഡ്രാമയും തൃശൂർ സ്കൂൾ ഓഫ് ഡ്രാമയും നടത്തിയ നാടക ക്യാമ്പിൽ ബെസ്റ്റ് ആക്ടറായി തിരഞ്ഞെടുക്കപ്പെട്ടു.

നാടകം ശക്തമായ കലാരൂപമാണ്. അത് കലയോടും സമൂഹത്തോടുമുള്ള സ്നേഹത്തിന്റെ ആഴമറിയാൻ അവസരമൊരുക്കുന്നു. കലോത്സവവേദി അതിനൊരു ഉദാഹരണമാണെന്നും കേരളത്തിലാണ് അതിന് കൂടുതൽ പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം പറയുന്നു.

നിരവധി നാടകങ്ങൾക്ക് രംഗപടം ചെയ്തിട്ടുള്ള റജി പീറ്റർ ഗ്രീഷ്മം, പടവെട്ട് തുടങ്ങിയ സിനി മകളിലും രംഗ സജ്ജീകരണത്തിൽ വിസ്മയം തീർത്തു. നിരവധി പ്രസിദ്ധ പുസ്തകങ്ങളു ടെ കവർ പേജുകൾ ഡിസൈൻ ചെയ്ത ഇദ്ദേഹം ഇപ്പോൾ ഗ്രീൻ ലൈൻ പബ്ലിക്കേഷന്റെയും ആരോഗ്യപ്പച്ച മാഗസീന്റെയും ചീഫ് ആർട്ടിസ്റ്റായി പ്രവർത്തിച്ചു വരുന്നു.

നാടകങ്ങളുടെ രംഗപടം ചെയ്യുന്നതിൽ തന്റെ പ്രാഗത്ഭ്യം തെളിയിച്ച റജി പീറ്റർ പ്രൊഫഷണൽ നാടകങ്ങളുൾപ്പെടെ നിരവധി രംഗപടങ്ങളിൽ പ്രവർത്തിക്കുകയും കഥിക നാടകവേദി കൊട്ടുകാപ്പറയുടെ നാ ടകങ്ങൾക്ക് സംഗീതം നിർവഹി ക്കുകയും ചെയ്തു.

കലോത്സവവേദികളിൽ മേക്കപ്പ് ആർടിസ്റ്റായും ജഡ്ജ് ആയും ഇദ്ദേഹം സ്ഥിരസാന്നിദ്ധ്യമാണ്. കേരള കൗൺസിൽ അംഗമായി ട്ടുള്ള പ്രൊഫസർ സനൽ മോഹനന്റെ മരുമകൻ കൂടിയാണ് റജി പീ റ്റർ. അച്ഛൻ: പീറ്റർ, അമ്മ: ഏലിയാമ്മ, ഭാര്യ: ലത, മക്കൾ: ജെറിൽ, ആനറ്റ്.

# ദേശീയ യൂത്ത്ഫെസ്റ്റിവൽ; വിജയം നേടി വിദ്യാർത്ഥികൾ

ജോയ്സ് മേരി ജോർജ്



*36-ാമത് ഇന്റർ യൂണിവേഴ്സിറ്റി നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ പാശ്ചാത്യ സംഘഗാനത്തിൽ വിജയികളായ കണ്ണൂർ യൂണിവേഴ്സിറ്റി ടീം*

ഇന്റർയൂണിവേഴ്സിറ്റി നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ കണ്ണൂർ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച ഡോൺ ബോസ്കോ കോളേജ് വിദ്യാർത്ഥികൾ പാശ്ചാത്യ സംഘഗാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.

ബാംഗ്ളൂർ ജെയ്ൻ യൂണിവേഴ്സിറ്റിയിൽ നടന്ന 36-ാമത് ഇന്റർ യൂണിവേഴ്സിറ്റി നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ പാശ്ചാത്യ സംഘഗാനത്തിൽ ഡോൺ ബോസ്കോ കോളജിലെ നകുൽ എസ് കുമാർ, ഐഷ ഹനീൻ, എൽട്ടൻ ഫെർമിൻ, ജിൽട്ടൻ കെ ജിൽസ്, ഐശ്വര്യ സോംസൺ, അനുഗ്രഹ ആൻ ജോർജ്, അഭിജയ്, റൂബൻ തായ്മേ, കാസർഗോഡ് ഗവൺമെന്റ് കോളേജിലെ എ വി നിർമ്മൽ എന്നിവരടങ്ങിയ ടീമാണ് സമ്മാനാർഹരായത് .

തിരുപ്പതിയിൽ വച്ചു നടന്ന ദക്ഷിണ മേഖല അന്തർ സർവകലാശാല കലോത്സവത്തിൽ വിജയിച്ച ശേഷമാണ് ദേശീയതല മത്സരത്തിലേക്ക് ഇവർ തിരഞ്ഞെടുക്കപ്പെട്ടത്.

വാർത്തകൾക്കും പരസ്യത്തിനും വിളിക്കൂ...9496698531

# സാന്ത്വന പരിചരണ പരിപാടി സംഘടിപ്പിച്ചു

നഹല നസീർ




*അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന സാന്ത്വന പരിചരണ പരിപാടിയിൽ നിന്ന്*

അയ്യൻകുന്ന് പഞ്ചായത്തിന്റെ 2022-23 വർഷത്തെ പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി അയ്യൻകുന്ന് പഞ്ചായത്തും അങ്ങാടിക്കടവ്, കരിക്കോട്ടകരി ആരോഗ്യ കേന്ദ്രങ്ങളും സംയുക്തമായി സാന്ത്വന പരിപാലന പരിപാടി നടത്തി.

അങ്ങാടിക്കടവ്, കരിക്കോട്ടകരി ആരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ള പാലിയേറ്റീവ് രോഗികൾക്കും അവരുടെ കൂട്ടിരുപ്പുക്കാർക്കും വേണ്ടി നടത്തിയ പരിപാടി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് അയ്യൻകുന്ന് പഞ്ചായത്ത് പാലിയേറ്റീവ് കെയർ നേഴ്സ് അമ്പിളി ലിന്റോ റിപ്പോർട്ട് അവതരിപ്പിക്കുകയും ഡോൺ ബോസ്കോ ആർട്ട്സ് ആന്റ് സയൻസ് കോളേജ് മലയാളം വിഭാഗം അധ്യാപിക സി കെ രജിഷ ക്ലാസ്സ് എടുക്കുകയും ചെയ്തു.

'നിലവിൽ അയ്യൻകുന്ന് പഞ്ചായത്ത് പാലിയേറ്റീവ് കെയറിന്റെ കീഴിൽ റജിസ്റ്റർ ചെയ്തിട്ടുള്ള ഇരുന്നൂറോളം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, വീൽ ചെയർ, വാട്ടർ ബെഡ്, എയർ ബെഡ് തുടങ്ങിയവ നൽകി സഹായിച്ചിട്ടുണ്ട്. കൂടാതെ പാലിയേറ്റീവ് കെയർ അംഗങ്ങൾക്ക് ആത്മവിശ്വാസം പകരുക എന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പരിചരണ പരിപാടി സംഘടിപ്പിച്ചത്' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

പാലിയേറ്റീവ് കെയർ അംഗങ്ങളെ അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനുമായി ഒരുക്കിയ പരിപാടിയിൽ പാലിയേറ്റീവ് കെയർ അംഗങ്ങൾക്ക് കലാപരിപാടിയും ഉപഹാര സമർപ്പണവും നടത്തി. അങ്ങാടിക്കടവ് ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. അനു മേരി ജോസ് പറഞ്ഞു.

പഞ്ചായത്ത് ഹാളിൽ നടത്തിയ പരിപാടിയിൽ അങ്ങാടിക്കടവ് പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ. അനു മേരി ജോസ് അധ്യക്ഷ വഹിച്ചു, വാർഡ് മെമ്പർമാരായ ലിസി തോമസ്, ഐസക് ജോസഫ്, എൽസമ്മ ജോസഫ് എന്നിവർ സംസാരിച്ചു.




For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: അക്ഷയ് തിലകൻ | സബ് എഡിറ്റേഴ്സ്: ജോയ്സ് മേരി ജോർജ്, പി വി മേഘ, ജിസ്ന ഷിഫ, ജിനി ജോസഫ്, നഹല നസീർ| ഫോട്ടോഗ്രാഫേഴ്സ്: നഹല നസീർ, പി വി മേഘ | ഡിസൈൻ: അക്ഷയ് തിലകൻ